

# കൊറ്റനെല്ലൂർ ഫാത്തിമമാത ഇടവക

പുരാതനമായ വെളയനാട് ഇടവകയുടെ ഭാഗമായിരുന്നു കൊറ്റനെല്ലൂർ പ്രദേശം. ബഹു. വലിയവീട്ടിൽ അന്തപ്പനച്ചൻ വെളയനാട് പള്ളി വികാരിയായിരിക്കുമ്പോൾ 1950 ഒക്ടോബർ 25-ാം തിയ്യതി ക്രിസ്തുരാജ തിരുനാളിന് തുമ്പൂർ മഠം കപ്ലോൻ ബഹു. ആന്റണി തരകനച്ചൻ പരിശുദ്ധ കുർബാനയുടെ വാഴ്‌വിനു വേണ്ടി മഠത്തിൽനിന്ന് ദിവ്യകാരുണ്യം കൊറ്റനെല്ലൂർക്ക് എഴുന്നള്ളിച്ച് കൊണ്ടുവന്നു. ഇതിനുശേഷം നടന്ന പൊതുയോഗത്തിൽ അദ്ധ്യക്ഷനായിരുന്ന കൊച്ചിൻ രൂപത അഡ്മിനിസ്ട്രേറ്റർ ബഹു. മോൺ. ജോർജ്ജ് നെടുംപറമ്പിൽ കൊറ്റനെല്ലൂരിൽ ഒരു ദേവാലയത്തിന്റെ ആവശ്യകതയെപ്പറ്റി ഊന്നിപ്പറഞ്ഞു. അന്നുതന്നെ ഈ യോഗത്തിന്റെ ആവശ്യത്തിലേക്കായി സ്വരൂപിച്ച തുകയിൽ ബാക്കി വന്ന തുക പള്ളി പണിയുന്നതിനുള്ള പ്രാരംഭ ചെലവുകൾക്കു വേണ്ടി നീക്കിവച്ചു.

നാട്ടുകാരായ ബഹു. ജോർജ്ജ് തൈവളപ്പിലച്ചന്റെയും ബഹു. ജേക്കബ് വേഴപ്പറമ്പിലച്ചന്റേയും സാന്നിധ്യത്തിൽ ഇടപ്പിള്ളി അന്തോണി മാത്തു, തൈവളപ്പിൽ കുഞ്ഞുവറീത് ലോനായി, ചെരടായി ഔസേപ്പ് തോമൻ, കൊടിയൻ കുഞ്ഞുവർക്കി കുഞ്ഞുവറീത് എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിച്ചു.

വെളയനാട് ഇടവകയുടെ കീഴിലുള്ള കൊറ്റനെല്ലൂർ സ്ക്കൂളിന്റെ മുറ്റം കഴിഞ്ഞാൽ പള്ളി പണിയുവാൻ സ്ഥലം ഇല്ലാത്തതുകൊണ്ട് മതിയായ സ്ഥലം കിട്ടിയതിനുശേഷം പണി തുടങ്ങിയാൽ മതിയെന്ന മാർ ജോർജ്ജ് ആലപ്പാട്ട് തിരുമേനിയുടെ നിർദ്ദേശപ്രകാരം സ്ക്കൂളിന്റെ തൊട്ടടുത്തുള്ള സ്ഥലം അന്നത്തെ മിതവിലയായ സെന്റിന് 30 രൂപ പ്രകാരം ഇടപ്പിള്ളി ഔസേപ്പ് കൊച്ചന്തോണി, ഇടപ്പിള്ളി ഔസേഫ് ഇട്ട്യച്ചൻ, ഇടപ്പിള്ളി അന്തോണി മാത്തു, ഇടപ്പിള്ളി അന്തോണി കുഞ്ഞുവറീത് എന്നിവരിൽ നിന്നായി തീറ് വാങ്ങി.

## ദേവാലയം

1951 ഒക്ടോബർ 24-ാം തിയ്യതി ക്രിസ്തുരാജ തിരുന്നാളിനോടനുബന്ധിച്ച് തൃശൂർ രൂപതാ ചാൻ

സലർ ബഹു. മോൺ. സെബാസ്റ്റ്യൻ ചിറയത്ത് പള്ളിക്ക് തറക്കല്ലിട്ടു. ബഹു. പോൾ അമ്പൂക്കൻ (Sr.) അച്ചനായിരുന്നു, അന്നത്തെ വികാരി. ഇതിനുവേണ്ടി ഈ ഇടവകാംഗമായ മിസ് കുഞ്ഞേല്യ ടി.കെ. (മുൻ സിഫ്), അന്നത്തെ ബാങ്ക് ഓഫ് കൊച്ചിൻ ജനറൽ മാനേജർ ആയിരുന്ന വി.പി. സിറിയക് എന്നിവർ വളരെയധികം സഹായിച്ചു. തത്ഫലമായി 5000 ഡോളർ (അന്ന് സുമാർ 29,000 രൂപ) സഹായധനമായി കിട്ടി. എന്നാൽ ദേവാലയം പരിശുദ്ധ ഫാത്തിമമാതാവിന്റെ നാമധേയത്തിൽ വേണമെന്ന് അവർ നിർദ്ദേശിക്കുകയും അതനുസരിച്ച് ആ പേര് നൽകുകയും ചെയ്തു.

പിന്നീട് വന്ന ബഹു. അന്തപ്പൻ വലിയവീട്ടിൽ അച്ചൻ ദേവാലയനിർമ്മാണത്തിനുവേണ്ടി പരിശ്രമിച്ചു. ബഹു. ജോസഫ് ചിറ്റിലപ്പിള്ളിയച്ചന്റെ കാലത്ത് പൂർത്തിയാക്കുകയും 1957 മെയ് 16-ന് തൃശ്ശൂർ രൂപത അദ്ധ്യക്ഷൻ മാർ ജോർജ്ജ് ആലപ്പാട്ട് തിരുമേനി വെഞ്ചിരിക്കുകയും ചെയ്തു. അതോടൊപ്പം എല്ലാ ഞായറാഴ്ചകളിലും വി. കുർബാന അർപ്പിക്കാനുള്ള അനുവാദത്തോടുകൂടി കുരിശുപള്ളിയായി ഉയർത്തുകയും ചെയ്തു.

## ഇടവക

1965 ആഗസ്റ്റ് 15-ാം തിയ്യതി ബഹു. ജോർജ്ജ് ചിറമ്മലച്ചൻ വികാരിയായിരിക്കുമ്പോൾ കൊറ്റനെല്ലൂർ കുരിശുപള്ളി ഇടവകപ്പള്ളിയായി ഉയർത്തപ്പെട്ടു. പിടിയരി പിരിവ്, നെല്ല്, നാളികേരം തുടങ്ങിയവയുടെ പിരിവ് വർദ്ധിപ്പിച്ച് വൈദികമന്ദിരം പണിയുകയും ചെയ്തു. ഇടവകയിൽ ഫാത്തിമമാതാ, സെന്റ് തോമസ്, സെന്റ് ജോസഫ് എന്നീ പേരുകളിൽ മൂന്ന് കപ്പേളകൾ സ്ഥാപിതമായിട്ടുണ്ട്.



ഫാത്തിമമാതാ കപ്പേള



സെന്റ് തോമസ് കപ്പേള

## സ്ഥിരവാസമുള്ള വികാരി



സെന്റ് ജോസഫ് കപ്പേള

1967-ൽ ഇടവകയുടെ സ്ഥിരം വികാരിയായി ആദ്യം സ്ഥാനമേറ്റത് ബഹു. ജോസ് കാനംകുടം അച്ചനാണ്. മരണാവശ്യങ്ങൾ വരുമ്പോൾ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം ലഭിക്കാൻ 1981-ൽ കുടുംബ സഹായ നിധി സംഘടന രൂപീകരിക്കുകയുണ്ടായി. റവ. ഫാ. ആന്റണി പുതുശ്ശേരി വികാരിയായിരിക്കുമ്പോഴാണ് മണിമാളിക പണികഴിപ്പിച്ചത്.

റവ.ഫാ. ജോസ് എ. ചിറ്റിലപ്പിള്ളി വികാരിയായിരുന്ന കാലഘട്ടത്തിൽ 1982 മെയ് 9-ാം തിയ്യതി മാതാവിന്റെ തിരുന്നാളിനോടനുബന്ധിച്ച് പള്ളിയുടെ രജതജൂബിലി സാഘോഷം കൊണ്ടാടി. ജൂബിലിയോടനുബന്ധിച്ച് പള്ളി അങ്കണത്തിൽ സ്റ്റേജ് പണികഴിപ്പിച്ചു. ഇതോടൊപ്പം തന്നെ പള്ളിയുടെ സ്ഥലത്ത് ജൂബിലി സ്മാരകമായി ലോർഡ് കൃഷ്ണ ബാങ്ക് ഒരു വെയ്റ്റിംഗ് ഷെഡ്ഡും നിർമ്മിച്ചു.

1993-ലാണ് വി. സെബസ്ത്യാനോസിന്റെയും പരി. ഫാത്തിമ മാതാവിന്റെയും സംയുക്ത തിരുനാൾ ഈസ്റ്റർ കഴിഞ്ഞ് വരുന്ന ഞായറാഴ്ചയിലേക്ക് മാറ്റിയത്. 1997-ൽ റവ. ഡോ. പോളി കണ്ണൂക്കാടൻ (Sr.) വികാരിയായിരിക്കുമ്പോൾ പള്ളിയുടെ പുനരുദ്ധാരണത്തെപ്പറ്റി ചർച്ചചെയ്ത് ഫണ്ട് സ്വരൂപിക്കാൻ തീരുമാനിക്കുകയും ഇതിനുവേണ്ടി ഒരു കമ്മിറ്റി ഉണ്ടാക്കി സംഭാവന പിരിവ് തുടങ്ങുകയും ചെയ്തു. 2006-2007 സുവർണ്ണജൂബിലി വർഷത്തിൽ ഇടവക പൊതുയോഗം വികാരി ബഹു. വർഗ്ഗീസ് അരിക്കാട്ടച്ചന്റെ (Jr.) അദ്ധ്യക്ഷതയിൽ കൂടി, ദേവാലയവും കാര്യാലയവും പുനർനിർമ്മിക്കാൻ തീരുമാനിക്കുകയും പ്ലാനും എസ്റ്റിമേറ്റും രൂപതയിൽ സമർപ്പിച്ച് അംഗീകരം നേടുകയും ചെയ്തു.

## നവീന ദേവാലയം, കാര്യാലയം

ബഹു. വർഗ്ഗീസ് അരിക്കാട്ടച്ചൻ (Jr.) വികാരിയായിരിക്കുമ്പോഴാണ് 2007 മെയ് 5-ാം തിയ്യതി തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, ഇരിങ്ങാലക്കുട രൂപത മെത്രാൻ മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ സാന്നിധ്യത്തിൽ പുതിയ ദേവാലയ



വൈദിക മന്ദിരം & കാര്യാലയം

ത്തിന്റെയും ഇടവക കാര്യാലയത്തിന്റെയും അടിസ്ഥാനശില വെഞ്ചിരിച്ച് പണി ആരംഭിച്ചത്. ഇടവക കാര്യാലയത്തിന്റെ പണി പൂർത്തിയാക്കി 2008 സെപ്തംബർ 8-ന് മാർ ജെയിംസ് പഴയാറ്റിൽ വെഞ്ചിരിച്ചു. നവീന ദേവാലയത്തിന്റെ കൂദാശകർമ്മം 2009 ഒക്ടോബർ 4-ാം തിയ്യതി അഭിവന്ദ്യ ജെയിംസ് പിതാവ് നടത്തി.

## പ്രൈമറി സ്ക്കൂൾ

വെളയനാട് പള്ളി വികാരിമാരുടെ മേൽനോട്ടത്തിൽ 1925-ൽ തുടങ്ങിയ പ്രൈമറി സ്ക്കൂളാണ് A.L.P.C.S. (Aided Lower Primary Church School). പുരാതനമായ ഈ എൽ. പി. സ്ക്കൂൾ 1979 മുതൽ സി.എം.സി. സിസ്റ്റേഴ്സിന്റെ സഹകരണത്തോടെ മുന്നേറുന്നു.



എ.എൽ.പി.സി. സ്ക്കൂൾ

## കോൺവെന്റ് , ഇതര സ്ഥാപനങ്ങൾ

ഇടവകയിലെ ആത്മീയ ജീവിതം മെച്ചപ്പെടുത്തുന്നതിന് ബഹു. സിസ്റ്റേഴ്സിന്റെ സേവനം ഉപകരിക്കും എന്നതിനാൽ ഇടവകയുടെ സഹായസഹകരണത്തോടെ CMC ഉദയാ പ്രോവിൻസിന്റെ ഒരു കോൺവെന്റ് 1981-ൽ സ്ഥാപിക്കുകയും 1983-ൽ ഒരു നഴ്സറി സ്ക്കൂൾ ആരംഭിക്കുകയും ചെയ്തു. ഇടവകയിൽ പള്ളിസ്ക്കൂളിലെ അദ്ധ്യാപനത്തോടൊപ്പം വിവിധ മേഖലകളിൽ സിസ്റ്റേഴ്സ് സജീവമായി സഹ




ഫാത്തിമ സി.എം.സി. കോൺവെന്റ്



ഫാത്തിമ നേഴ്സറി

കരിക്കുന്നു. രൂപതയയുടെ സോഷ്യൽ ആക്ഷന്റെ ആഭിമുഖ്യത്തിലുള്ള ആശാനിലയം, കൃപാഭവൻ, പ്രകൃതി എന്നീ സ്ഥാപനങ്ങളും ഇടവകയുടെ പരിധിയിൽ സ്ഥിതിചെയ്യുന്നു.



പഴയ പള്ളി